LIBRARY ARCHIVES Kerala Legislative Assembly

**വീ കെയർ പദ്ധതി**

292 (1670) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിനു കീഴിൽ വീ കെയർ പദ്ധതി പ്രഖ്യാപിച്ചിരുന്നോ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയ്ക്കു വേണ്ടി ഫണ്ട് സ്വരൂപിക്കാൻ തീരുമാനിച്ചിരുന്നോ; എങ്കിൽ എത്ര രൂക സ്വരൂപിക്കാനാണ് ലക്ഷ്യമിട്ടത്; പ്രസ്തുത ഫണ്ടിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) ഫണ്ടു ശേഖരിച്ചു നൽകിയ സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും പേരു വിവരങ്ങൾ ലഭ്യമാക്കാമോ;

(ഡി) 2015 ഏപ്രിൽ 1 മുതൽ 2016 ജനുവരി 31 വരെ സ്വരൂപിച്ച ഫണ്ട് ട്രഷറിയിൽ നിക്ഷേപിച്ചതിന്റെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) പ്രഖ്യാപിച്ചിരുന്നു. സഹായമർഹിക്കുന്ന കേരളത്തിലെ ആബാലവൃദ്ധം ജനങ്ങൾക്കും ഒരു കൈത്താങ്ങ് എന്ന നിലയിൽ പ്രവർത്തിക്കുന്നതിനും അവരുടെ ആവശ്യങ്ങൾ അറിഞ്ഞ് കരുതലും സഹായവും നൽകുന്നതിനും ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് വീ കെയർ പദ്ധതി.

(ബി&സി) തീരുമാനിച്ചിരുന്നു. 100 കോടി രൂപ സമാഹരിക്കാനാണ് ലക്ഷ്യമിട്ടത്. വീ കെയർ ഫണ്ടിലേക്ക് സംഭാവന രൂക നൽകിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും പേരുവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) 2015 ഏപ്രിൽ 1 മുതൽ 2016 ജനുവരി 31 വരെ 8,48,88,415 രൂപ ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ട്.

**കേരള വനിതാ വികസന കോർപ്പറേഷൻ**

293(1671) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016 ജനുവരി 31 വരെയുള്ള കാലയളവിൽ വനിതാ വികസനത്തിനും ക്ഷേമത്തിനുമായി കേരള വനിതാ വികസന കോർപ്പറേഷന് അനുവദിച്ച ധനസഹായം എത്രകോടി രൂപയാണ്; വിശദമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.